വിലയാധാരങ്ങൾ

1272 [2044] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-70 ലും 1976-77 ലും ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ള വിലയാധാരങ്ങളുടെ എണ്ണം എത്ര;

(ബി) ശരാശരി വർദ്ധനവ് എത്ര ശതമാനം ഉണ്ട്;

(സി) ഈ കാലഘട്ടത്തിൽ വില്ലേജാഫീസിലെ ജീവനക്കാരുടെ എണ്ണത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി?

ഉത്തരം

(എ, ബി) സ്റ്റേറ്റുമെന്റ് പ്രത്യേകമായി ഇതോടൊപ്പം വെച്ചിട്ടുണ്ട്.*

(സി) വിലയാധാരങ്ങളുടെ വർദ്ധനവിനെ ആസ്പദമാക്കി വില്ലേജുജീവനക്കാരുടെ എണ്ണത്തിൽ ഈ കാലയളവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

വില്ലേജുകളുടെ വിസ്തീർണ്ണം

1273 [2049] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഓരോ താലൂക്കിലേയും ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ളതും ഏറ്റവും കുറച്ചു വിസ്തീർണ്ണമുള്ളതും ആയ വില്ലേജുകൾ ഏതൊക്കെയാണെന്നും അവയുടെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) മറ്റു എല്ലാ ജില്ലകളിലെയും ഇതു സംബന്ധിച്ച പ്രസ്തുത വിവരങ്ങൾ മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—തിരുവല്ലം
വിസ്തീർണ്ണം—1930.831 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—ചെങ്ങഴശ്ശേരി
വിസ്തീർണ്ണം—548.991 ഹെക്ടർ

നെടുമങ്ങാട് താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—കല്ലറ
വിസ്തീർണ്ണം—4988 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—വിരണക്കാവ്
വിസ്തീർണ്ണം—1819 ഹെക്ടർ

*അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറിൻകര താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—കള്ളിക്കാട്
വിസ്തീർണ്ണം—11196.41 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—കരിംകുളം
വിസ്തീർണ്ണം—1279.1635 ഹെക്ടർ

ചിറയിൻകീഴ് താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—നാവായിക്കുളം
വിസ്തീർണ്ണം—2823.5 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—കിഴാറ്റിങ്ങൽ
വിസ്തീർണ്ണം—768.94 ഹെക്ടർ

(ബി) മറ്റു ജില്ലകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി

1274 [2050] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കാഫീസിലെ സൂപ്പർ ന്യൂമററി ചെയിൻമാൻമാർക്ക് 1978 സെപ്റ്റംബർ 1 മുതൽ 28-2-1979 വരെയുള്ള കാലത്തേക്ക് ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശമ്പളം കിട്ടാത്തതിൻെറ കാരണം വിശദമാക്കാമോ;

(സി) താഴ്ന്ന വരുമാനക്കാരായ ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ട സത്വരനടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജോലി തീർന്നതുമൂലം നിർത്തലാക്കപ്പെട്ട ചില തസ്തികകൾ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കപ്പെടുന്ന നടപടിയിൽ കാലതാമസം വന്നതുകൊണ്ട് ശമ്പളം കിട്ടാൻ താമസമുണ്ടായി.

(സി) ശമ്പളം ലഭിക്കുന്നതിനുവേണ്ട ഉത്തരവ് 20-3-1979-ൽ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുണ്ട്.

കമ്പാർട്ടുമെൻറൽ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസായവർ

1275 [2052] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പാർട്ടുമെൻറൽ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസായ എത്രപേർ കേരളത്തിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly